# Paper Cuttings of 10th Kottayam District Junior & 1st Kottayam District Mini Throwball Championship 2023-24 for boys and girls

**Venue: Mary Matha School, Kadaplamattom.**
**Date: September 9-10, 2023**

## ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം ▸** പത്താമത് ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പും ഒന്നാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പും ഒൻപത്, പത്ത് തീയതികളിൽ കടപ്പാമറ്റം മേരി മാതാ സ്കൂളിൽ നടക്കും. പങ്കെടുക്കാൻ താത്പര്യമുള്ള ടീമുകൾ ആറിന് മുമ്പായി www.throwballkerala.com എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് ഫോൺ- 9497465690, 7907963835.

■ ജില്ലാ ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ്

## ജൂബിലി, മേരിമാതാ സ്പോർട്സ് അക്കാദമികൾ ചാമ്പ്യൻമാർ

കോട്ടയം

പത്താമത് ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ കടപ്പാമറ്റം ജൂബിലി സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. ഫൈനലിൽ തെള്ളകം ലാമാസിയ സ്പോർട്സ് അക്കാദമിയെയാണ് തോൽപ്പിച്ചത്. പെൺകുട്ടികളുടെ വിഭാഗത്തിൽ തെള്ളകം ഗുഡ് ഷെപ്പേർഡ് ത്രോബോൾ അക്കാദമിയെ പരാജയപ്പെടുത്തി കടപ്പാമറ്റം മേരിമാതാ സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ ജൂബിലി ക്ലബ്ബിലെ അഭിജിത് കെ. ബിജുവും പെൺകുട്ടികളുടെ വിഭാഗത്തിൽ മേരി മാതാ സ്പോർട്സ് അക്കാദമിയുടെ അമല മാത്യുവും മികച്ച താരങ്ങളായി.

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മേരി മാതാ സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി കടപ്പാമറ്റം മേരി മാതാ സ്കൂൾ ജേതാക്കളായി. പെൺകുട്ടികളുടെ വിഭാഗത്തിൽ മേരി മാതാ സ്കൂളിനെ പരാജയപ്പെടുത്തി ഗുഡ് ഷെപ്പേർഡ് ത്രോബോൾ അക്കാദമി ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ മേരി മാതാ അക്കാദമിയുടെ അഗസ്റ്റിൻ, പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുഡ് ഷെപ്പേർഡ് ത്രോബോൾ അക്കാദമിയുടെ [illegible] ഹർഷിനയും മികച്ച താരങ്ങളായി.



കടപ്പാമറ്റം മേരി മാതാ പബ്ലിക് സ്കൂളിൽ നടന്ന ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ മിനി ബോയ്സ് വിഭാഗം ചാമ്പ്യന്മാരായ മേരിമാതാ സ്പോർട്സ് അക്കാദമിയിലെ കുട്ടികൾ

## ത്രോബോൾ ചാംപ്യൻഷിപ് വിജയികൾ

കടപ്പാമറ്റം ● ജില്ലാ ത്രോബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ ജില്ലാ ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ലാമാസിയ സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി ജൂബിലി സ്പോർട്സ് അക്കാദമി ചാംപ്യൻമാരായി (15-12, 15-2).

പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുഡ് ഷെപ്പേഡ് ത്രോബോൾ അക്കാദമിയെ പരാജയപ്പെടുത്തി മേരിമാതാ സ്പോർട്സ് അക്കാദമി ചാംപ്യൻമാരായി (15-8, 15-11).

ആൺകുട്ടികളുടെ വിഭാഗത്തിൽ ഗുഡ് ഷെപ്പേഡ് ത്രോബോൾ അക്കാദമി മൂന്നാം സ്ഥാനം കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ ലിറ്റിൽ ഫ്ലവറിനാണ് മൂന്നാം സ്ഥാനം.

ആൺകുട്ടികളുടെ വിഭാഗത്തിൽ ജൂബിലി ക്ലബ്ബിലെ അഭിജിത് കെ.ബിജുവും പെൺകുട്ടികളുടെ വിഭാഗത്തിൽ മേരി മാതാ സ്പോർട്സ് അക്കാദമിയുടെ അമല മാത്യുവുമാണ് മികച്ച താരങ്ങൾ. മേരിമാതാ പബ്ലിക് സ്കൂൾ ഡയറക്ടർ ഫാ. അഗസ്റ്റിൻ മാത്യു സമ്മാനദാനം നിർവഹിച്ചു. പ്രദീപ് ശേഖരൻ, ജോസഫ് വിശാഖ്, ജോജിമോൻ ദേവസ്യ എന്നിവർ പ്രസംഗിച്ചു.

മംഗളം

## ത്രോബോൾ ചാമ്പ്യൻഷിപ്പ്

കടപ്പാമറ്റം: ഒന്നാമത് കോട്ടയം ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മേരിമാതാ സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി കടപ്പാമറ്റം മേരിമാതാ സ്കൂൾ ജേതാക്കളായി. പെൺകുട്ടികളുടെ വിഭാഗത്തിൽ മേരിമാതാ സ്കൂളിനെ പരാജയപ്പെടുത്തി ഗുഡ്ഷെപ്പേർഡ് ത്രോബോൾ അക്കാദമി ചാമ്പ്യന്മാരായി. 10-ാമത് കോട്ടയം ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ലാമാസിയ സ്പോർട്സ് അക്കാദമിയെ പരാജയപ്പെടുത്തി ജൂബിലി സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. പെൺകുട്ടികളുടെ വിഭാഗത്തിൽ ഗുഡ്ഷെപ്പേർഡ് ത്രോബോൾ അക്കാദമിയെ പരാജയപ്പെടുത്തി മേരിമാതാ സ്പോർട്സ് അക്കാദമി ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ സെന്റ് ജോസഫ് നാലുകോടിയെ പരാജയപ്പെടുത്തി ഗുഡ്ഷെപ്പേർഡ് ത്രോബോൾ അക്കാദമി മൂന്നാം സ്ഥാനം കരസ്ഥമാക്കി. പെൺകുട്ടികളുടെ വിഭാഗത്തിൽ ശ്രേയസ് പബ്ലിക് സ്കൂളിനെ പരാജയപ്പെടുത്തി ലിറ്റിൽ ഫ്ളവർ മൂന്നാംസ്ഥാനം കരസ്ഥമാക്കി.

## ത്രോബോൾ ചാംപ്യൻഷിപ്

കോട്ടയം ● ജില്ലാ ത്രോബോൾ അസോസിയേഷൻ 9നും 10നും കടപ്പാമറ്റം മേരി മാതാ സ്കൂളിൽ ജില്ലാ ജൂനിയർ ത്രോബോൾ, ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്പുകൾ നടത്തും. ജൂനിയർ വിഭാഗത്തിൽ 1.1.2005നു ശേഷവും മിനി വിഭാഗത്തിൽ 1.1.2011നു ശേഷവും ജനിച്ചവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള ടീമുകൾ 6നു മുൻപായി www.throwballkerala.com വെബ്സൈറ്റിൽ റജിസ്റ്റർ ചെയ്യണം. ഫോൺ: 9497465690.

മംഗളം

## ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് - ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്

കോട്ടയം: 10-ാമത് ജില്ലാ ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പും ഒന്നാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പും 9, 10 തീയതികളിൽ മേരിമാതാ സ്കൂൾ കടപ്പാമറ്റത്ത് നടത്തപ്പെടുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ള ടീമുകൾ 6-നു മുമ്പായി www.throwballkerala.com എന്ന വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്യണം. ഫോൺ: 9497465690, 7907963835.